"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് -2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ടിരുന്നതും വെയ്സ് ആൻഡ് മീൻസ് ക്യൂവിലാകുകയും ചെയ്തിട്ടുള്ള ബില്ലുകൾ മാറുന്നതിന് 2020-21 സാമ്പത്തികവർഷത്തിൽ ധനവിനിയോഗത്തിനായി അനുമതി നൽകി ഉത്തരവാകുന്നു

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.311/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 05/02/2021

പരാമർശം:- 1 സ.ഉ(സാധാ) നം. 2146/2019/തസ്വഭവ തീയതി 01.10.2019.

2 സ.ഉ(സാധാ) നം. 6734/2020/ഫിൻ തീയതി 19.11.2020.

3 13.12.2020ലെ പഞ്ചായത്ത് ഡയറക്ടറുടെ കത്ത് നം. PAN/4431/2019-J5(DP).

**ഉത്തരവ്**

ഗ്രാമ പഞ്ചായത്തുകളിൽ ആധുനിക ശ്മശാനം നിർമ്മിക്കുന്നതിന് ധനസഹായം എന്ന പദ്ധതിക്ക് 2019-20 സാമ്പത്തിക വർഷത്തിൽ 2515-00-198-36(പ്ലാൻ) എന്ന ശീർഷകത്തിൽ 250 ലക്ഷം രൂപ വകയിരുത്തുകയും പരാമർശം (1) പ്രകാരം 250 ലക്ഷം രൂപയുടെ ഭരണാനുമതി അനുവദിക്കുകയും ചെയ്തിരുന്നു. ഭരണാനുമതി ലഭിച്ച തുക ഈ പദ്ധതിയിൽ ഉൾപ്പെട്ട 14 ഗ്രാമപഞ്ചായത്തുകൾക്കും വടക്കാഞ്ചേരി മുനിസിപ്പാലിറ്റിക്കും അലോട്ട്മെന്റായി നൽകുകയും ഇതിന്റെ അടിസ്ഥാനത്തിൽ ശ്മശാന നിർമ്മാണം പൂർത്തിയാക്കിയ 10 ഗ്രാമപഞ്ചായത്തുകളും വടക്കാഞ്ചേരി മുനിസിപ്പാലിറ്റിയും ബിൽ സമയബന്ധിതമായി സമർപ്പിച്ചിരുന്നെങ്കിലും 1,55,33,580/- രൂപയുടെ ബിൽ WAMs ക്യൂവിലേക്കും 34,65,303/- രൂപയുടെ ബിൽ ട്രഷറി ക്യൂവിലേക്കും മാറുകയും ചെയ്തെന്നും കടലുണ്ടി മൂക്കന്നൂർ ഗ്രാമപഞ്ചായത്തുകൾ ടി പദ്ധതി പൂർത്തിയാക്കിയിരുന്നെങ്കിലും കോവിഡ് 19-മായി ബന്ധപ്പെട്ട ലോക്ക് ഡൗൺ കാരണം ബിൽ സമർപ്പിക്കുവാൻ സാധിച്ചിരുന്നില്ലയെന്നും. പരാമർശം (2) പ്രകാരം ഗ്രാമ പഞ്ചായത്തുകളിൽ ആധുനിക ശ്മശാനം നിർമ്മിക്കുന്നതിന് ധനസഹായം എന്ന പദ്ധതിക്ക് 2515-00-198-36(പ്ലാൻ) എന്ന ശീർഷകത്തിൽ 2,14,99,000/- രൂപ അധിക ധന വിനിയോഗ അനുമതി നൽകി ധനകാര്യ വകുപ്പിൽ നിന്ന് പരാമർശം (2) പ്രകാരം ഉത്തരവായിട്ടുള്ളതാണെന്നും ടി സാഹചര്യത്തിൽ പ്രസ്തുത തുകയ്ക്ക് ഭരണാനുമതി നൽകി തുക കൈമാറുന്നതിന് അനുമതി നൽകണമെന്ന് പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം അപേക്ഷിച്ചിരിക്കുകയാണ്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) പ്രകാരം പ്രസ്തുത പദ്ധതിക്ക് 250 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ടെങ്കിലും മേൽ തുക വിനിയോഗിക്കുന്നതിനായി ഭരണാനുമതി ആവശ്യമുണ്ടെന്നു പഞ്ചായത്ത് ഡയറക്ടർ നിഷ്കർഷിച്ചതിനാലും പരാമർശം (2) പ്രകാരം 2515-00-198-36(പ്ലാൻ) എന്ന ശീർഷകത്തിൽ 2,14,99,000/- രൂപ അധിക ധനവിനിയോഗ അനുമതി നൽകി ധനകാര്യ വകുപ്പിൽ നിന്ന് ഉത്തരവായിട്ടുമുള്ള സാഹചര്യത്തിൽ ചുവടെ ചേർത്തിരിക്കുന്ന പട്ടികയിലെ പഞ്ചായത്തുകൾക്ക് നൽകേണ്ട ആകെ തുകയായ 2,14,98,883/- (രണ്ട് കോടി പതിനാലുലക്ഷത്തി തൊണ്ണൂറ്റെട്ടായിരത്തി

എണ്ണൂറ്റി എൺപത്തിമൂന്ന് രൂപ മാത്രം) രൂപ 2020-21 സാമ്പത്തിക വർഷത്തിൽ 2515-00-198-36 പ്ലാൻ ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനായി പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

| ക്രമ നം. | ഗ്രാമ പഞ്ചായത്തിന്റെ പേര് | ഗ്രാമ പഞ്ചായത്തുകൾക്ക് നല്കേണ്ട ആകെ തുക |
|---|---|---|
| 1 | മാറനല്ലൂർ | 49,30,500 |
| 2 | ആദിച്ചനല്ലൂർ | 5,21,087 |
| 3 | റാന്നി പഴവങ്ങാടി | 1,20,000 |
| 4 | അരുക്കുറ്റി | 1,11,420 |
| 5 | മാരാരിക്കുളം തെക്ക് | 14,91,000 |
| 6 | എടക്കാട്ടുവയൽ | 18,62,883 |
| 7 | വടക്കാഞ്ചേരി മുനിസിപ്പാലിറ്റി | 15,20,000 |
| 8 | കോട്ടത്തറ | 34,41,993 |
| 9 | ഇരുക്കൂർ | 20,00,000 |
| 10 | പിണറായി | 20,00,000 |
| 11 | മടിക്കൈ | 10,00,000 |
| 12 | കടലുണ്ടി | 5,00,000 |
| 13 | മൂക്കന്നൂർ | 20,00,000 |
| | **ആകെ തുക** | **2,14,98,883** |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റീഫന്**

**ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ &ഇ), കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം

ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature Not Verified

Digitally signed by SINDHU P G
Date: 2021.02.06 14:39:02 IST
Reason: Approved

സെക്ഷൻ ഓഫീസർ